III ഇ.ബി. XII-കേരള നിയമസഭ/IV-3

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2007 മാർച്ച് 6, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*31, *32 & *33) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

### II അടിയന്തിരപ്രമേയം

കെ.എസ്.ടി.പി.യുടെ ഭാഗമായി ദ്രുതഗതിയിൽ നടന്നിരുന്ന റോഡ് പണി നിർത്തിവച്ചതിനാൽ നിലവിലുള്ള റോഡുകൾപോലും ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്നതുമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് മൂന്നംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് മരാമത്ത് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ

പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ നേതാക്കന്മാർ പ്രസ്താവനകൾ നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും ചെയ്തു. പുറത്തുപോയ അംഗങ്ങൾ അൽപസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.

## III ശ്രദ്ധ ക്ഷണിക്കൽ

(1) തട്ടേക്കാട് ബോട്ട് ദുരന്തത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിനോദയാത്രകളുൾപ്പടെയുള്ള യാത്രാക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം നടത്തേണ്ടതിന്റെയും നിയന്ത്രണ നടപടികൾ സ്വീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. കെ.സി. വേണുഗോപാൽ വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും അതിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകുകയും ചെയ്തു.

(ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, ശ്രീ. ജോസ് തെറ്റയിൽ എന്നീ അംഗങ്ങളും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

(2) എറണാകുളം ജില്ലയിലെ കാലപ്പഴക്കം ചെന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ബാബു പോൾ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV **സബ്മിഷൻ**

**(1)** ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് റിട്ടയർ ചെയ്ത അദ്ധ്യാപകരും ജീവനക്കാരും നടത്തുന്ന മാർച്ച് സംബന്ധിച്ച് ശ്രീ. സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(ശ്രീ പള്ളിപ്രം ബാലനും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

**(2)** ഇടുക്കിയിലെ സി.എച്ച്. ആർ. ഭൂമിയിലെ കൈവശ കൃഷിക്കാർക്ക് പട്ടയവും ഉടമസ്ഥാവകാശവും നൽകുന്നത് സംബന്ധിച്ച് ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

**(3)** വിധവ, വാർദ്ധക്യകാല പെൻഷനുകളുടെ നിബന്ധനകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

**(4)** കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടത് സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

**(5)** മാള നിയോജകമണ്ഡലത്തിലെ ജലക്ഷാമം സംബന്ധിച്ച് ശ്രീ. എ.കെ. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

**(6)** കോഴിക്കോട് ലാ കോളേജിൽ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷം സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

**(7)** മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. ജെ. ജേക്കബ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

**(8)** മലബാർ മേഖലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ പണി പുനരാരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

**(9)** ഇരിങ്ങാലക്കുട മുരിയാട് കായൽനിലത്തിലെ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ സംബന്ധിച്ച് ശ്രീ. തോമസ് ഉണ്ണിയാടൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

സർവ്വശ്രീ കെ. സുധാകരൻ, എം. ചന്ദ്രൻ, പി.കെ. അബ്ദുറബ്ബ്, കെ. രാജു, കെ.എം. മാണി, കെ.പി. മോഹനൻ, മോൻസ് ജോസഫ്,

എം.ജെ. ജേക്കബ്, കെ.കെ. ഷാജു, എ.എ. അസീസ്, പി. വിശ്വൻ, പി.എം.എ. സലാം, യു.സി. രാമൻ, എ.കെ. ശശീന്ദ്രൻ, എ.എം. ആരിഫ്, കെ. ബാബു, വി.എൻ. വാസവൻ, സി.കെ.പി. പത്മനാഭൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീമതി ഇ.എസ്. ബിജിമോൾ എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തു.

2007 മാർച്ച് 7–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.35 –ന് പിരിഞ്ഞു.